# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2969 02/04/2013 ൽ മറുപടിക്ക്

## സുരക്ഷാ ഇടനാഴികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" കെ. മുരളീധരൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" പാലോട് രവി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളെ സുരക്ഷാ ഇടനാഴിയാക്കി നിശ്ചയിച്ച് മാനദണ്ഡങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | കെ.എസ്.ടി.പി പദ്ധതിയിൽപ്പെടുത്തി ലോക ബാങ്ക് ധനസഹായത്തോടെ ഒന്നാംഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 80 കി.മീ ദൈർഘ്യമുള്ള കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡ്, കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി മാതൃക സുരക്ഷാ ഇടനാഴിയായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ റോഡിൽ ആവശ്യമായ റോഡ് സുരക്ഷാ നടപടികൾ ഏർപ്പെടുത്തി ബോധവത്കരണം, ട്രാഫിക് എൻഫോഴ്സ്മെന്റ്, ട്രോമകെയർ എന്നിവ നടത്തി അപകടങ്ങളും, മരണനിരക്കും കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റോഡിലുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം, മരണനിരക്ക് എന്നിവ ക്രമമായി കുറച്ചുകൊണ്ട് വരുക.<br>2. റോഡിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിക്കുക.<br>3. വിദ്യാർത്ഥികൾക്കും, റോഡിന്റെ വശങ്ങളിൽ താമസിക്കുന്നവർക്കും, ഡ്രൈവർമാർക്കും, കാൽനടയാത്രക്കാർക്കും, ട്രാഫിക് പോലീസ് മുതലായവർക്കും |

ആവശ്യമായ ബോധവത്കരണം നടത്തുക.

4. അപകടത്തിൽപ്പെട്ടവർക്ക് അത്യാവശ്യ ചികിത്സകൾ നല്കുന്നതിന് അതാത് സ്ഥലത്തുള്ള ആശുപത്രികൾക്ക് പ്രത്യേക ട്രോമകെയർ സജ്ജീകരണങ്ങൾ ഉണ്ടാക്കുക.
5. റോഡ് സേഫ്റ്റി അതോറിറ്റിയെ ശക്തിപ്പെടുത്തുക.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡുകളിൽ എന്തെല്ലാം ലോകോത്തര സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് ; വിശദമാക്കുമോ ; | (സി) | റോഡിൽ കൂടെയുള്ള വാഹന ഗതാഗതം സുഗമമാക്കുക, ജംഗ്ഷനുകൾ അഭിവൃദ്ധിപ്പെടുത്തുക, നടപ്പാതകൾ നിർമ്മിക്കുക, കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ മാർക്കിംഗ്, സൈനേജുകൾ, ദിശാബോർഡുകൾ, സിഗ്നൽ ലൈറ്റ്, ആവശ്യമായ സ്ഥലങ്ങളിൽ ഹംബുകൾ, റംപിൾ സ്ട്രിപ്പ്, റോഡ് സ്റ്റഡ്, സീബ്രാ ക്രോസിംഗ്, ബസ് ബേ, ക്രാഷ് ബാര്യർ എന്നിവ സ്ഥാപിക്കുന്നതോടൊപ്പം ഡ്രൈവർമാർ, കാൽ നടയാത്രക്കാർ, റോഡ് സൈഡിലെ താമസക്കാർ, സ്കൂൾ കുട്ടികൾ എന്നിവർക്ക് ആവശ്യമായ ബോധവത്കരണം, ട്രാഫിക്ക് എൻഫോഴ്സ് മെന്റ്, ട്രോമകെയർ ഉൾപ്പെടെയുള്ള ലോകോത്തര സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. |
| (ഡി) | പ്രസ്തുത സംവിധാനങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | (ഡി) | ഉണ്ട് |
| (ഇ) | പ്രസ്തുത പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭ്യമാണോയെന്നറിയിക്കുമോ ? | (ഇ) | ലോകബാങ്കിന്റെ ഗ്ലോബൽ റോഡ് സേഫ്റ്റി ഫെസിലിറ്റിയിൽ നിന്നും ഇതിനുള്ള സാങ്കേതിക സഹായം ലഭിക്കുന്നതാണ്. ലോകബാങ്ക് സംഘ ത്തിലുള്ള അന്താരാഷ്ട്ര നിലവാര ത്തിലുള്ള കൺസൾട്ടന്റുമാർ റോഡ് പരിശോധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ